പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1741 — 03.05.2017 ൽ മറുപടിയ്ക്ക്

ഭക്ഷ്യ ഭദ്രതയും വാതിൽപടി വിതരണവും

ചോദ്യം
ശ്രീ. കെ.ഡി. പ്രസേനൻ

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യ ഭദ്രതയുടെ ഭാഗമായി സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന "വാതിൽപടി സംവിധാനം" എന്താണെന്ന് വിശദീകരിക്കാമോ; | (എ) | എഫ്.സി.ഐ. ഡിപ്പോകളിൽ നിന്നും, മില്ലുകളിൽ നിന്നും, ഭക്ഷ്യധാന്യങ്ങൾ സംസ്ഥാനമൊട്ടാകെയുള്ള താലൂക്കുകളിലെ ഇന്റർമീഡിയറി ഗോഡൗണുകളിൽ സംഭരിച്ച് എല്ലാ റേഷൻ കടകളിലും സർക്കാർ നേരിട്ട് വിതരണം ചെയ്യുന്ന സംവിധാനമാണ് വാതിൽപ്പടി വിതരണം. |
| (ബി) | ഈ സംവിധാനം ആദ്യം ഏതു ജില്ലകളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (ബി) യും (സി) യും | ഈ സംവിധാനം കൊല്ലം ജില്ലയിൽ 2017 മാർച്ചിൽ പൈലറ്റ് പ്രോജക്ടായി ആരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ വരുന്ന മെയ് മാസത്തിലും, ശേഷിക്കുന്ന ജില്ലകളിൽ രണ്ടാം ഘട്ടമായും പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2017 ആഗസ്റ്റോടെ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | വാതിൽപടി സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുമോ;എങ്കിൽ അതിന്റെ നടപടി എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ